# കേരളകാർഷികസർവ്വകലാശാല
## കാർഷികകാലാവസ്ഥാശാസ്ത്രപഠന വിഭാഗം
## ഹോർട്ടികൾച്ചർകോളേജ്,വെള്ളാനിക്കര

Email: cohagmet@kau.in&kauagmet@yahoo.co.in

**കാർഷികകാലാവസ്ഥനിർദ്ദേശക ബുള്ളറ്റിൻ**

## തൃശ്ശൂർ ജില്ല

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എ.എസ് 45/2018(89), വെള്ളിയാഴ്ച** **തീയ്യതി 09.11.2018**

**പ്രളയ ബാധിത മേഖലകളിൽ ഈ ബുള്ളറ്റിനിലെ കാർഷിക നിർദ്ദേശങ്ങൾ പ്രായോഗികമല്ല.**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ 1.0 മി.മീ മഴ ലഭിച്ചു. ഏറ്റവും ഉയർന്നതാപനില 31.3 മുതൽ 33.9 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 22.3 മുതൽ 25.3 ഡിഗ്രി സെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 75 മുതൽ 81 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 45 മുതൽ 64 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 3.0 മുതൽ 8.6 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 3.1 മുതൽ 9.5 മണിക്കൂറും, ബാഷ്പീകരണം ദിനം പ്രതി 3.3 മുതൽ 4.0 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 10.11.2018 | 11.11.2018 | 12.11.2018 | 13.11.2018 | 14.11.2018 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 34.2 | 34.2 | 34.2 | 34.2 | 34.2 |
| കുറഞ്ഞ താപനില (°C) | 23 | 23.1 | 23.2 | 23.2 | 23.2 |
| മേഘവ്യാപ്തി (ഒക്ട) | 4 | 4 | 4 | 3 | 3 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 75 | 75 | 75 | 75 | 75 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത(%) | 60 | 60 | 60 | 60 | 60 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 8 | 8 | 8 | 8 | 8 |
| കാറ്റിന്റെദിശ (ഡിഗ്രി) | 70 | 70 | 70 | 70 | 70 |
| ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ പ്രവചന പ്രകാരം ജില്ലയിൽ വരും ദിവസങ്ങളിൽ മഴയ്ക്ക് സാധ്യത കുറവാണ്. | | | | | |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| കുരുമുളക് | - | മഞ്ഞളിപ്പ് | കുരുമുളകിൽ തുടർച്ചയായ വെള്ളക്കെട്ടിനെ തുടർന്നുള്ള ഭാഗികമായ വരൾച്ച മൂലം മഞ്ഞളിപ്പ് കാണുന്നുണ്ട്. 2 ഗ്രാം കൊസൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി മഞ്ഞളിപ്പ് ബാധിച്ച ചെടികളുടെ ചുവട്ടിൽ ഒഴിച്ചു കൊടുക്കുകയും തുടർന്ന് രണ്ടാഴ്ച്ചയ്ക്ക് ശേഷം 20 ഗ്രാം സ്യൂഡോമോണസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഒഴിച്ചു കൊടുക്കുകയും ഇലകളിൽ തളിച്ചു കൊടുക്കുകയും വേണം. |
| വാഴ, പച്ചക്കറികൾ | - | ഇലത്തീനിപ്പുഴു | ഇലത്തീനിപ്പുഴുവിന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. പുഴുവിന്റെ ആക്രമണം ബാധിച്ച ഇലകൾ പുഴുവിനോട് കൂടി തന്നെ നശിപ്പിച്ച് കളയുക. ആക്രമണം അധികമായാൽ 2 മില്ലി ക്വിനാൽഫോസ് 1 ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ 3 മില്ലി ക്ലോറാൻട്രാനിലിപ്രോൾ 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| നെല്ല് | ഞാറുപരുവം | ഓലചുരുട്ടിപ്പുഴു, തണ്ടുതുരപ്പൻ | നെല്ലിലെ ഓലചുരുട്ടിപ്പുഴുവിനെ നിയന്ത്രിക്കാൻ ട്രൈക്കോഗ്രമ്മ ചിലോണിസ് കാർഡും തണ്ടുതുരപ്പനെ നിയന്ത്രിക്കാൻ ട്രൈക്കോഗ്രമ്മ ജപ്പോനിക്കം കാർഡും ഉപയോഗിക്കുക. ഒരു ഏക്കർ പാടശേഖരത്തിന് 2 സിസി ട്രൈക്കോഗ്രമ്മ കാർഡ് വീതം, ചെറു കഷ്ണങ്ങളായി മുറിച്ചു വയലിന്റെ പലഭാഗത്ത് പ്ലാസ്റ്റിക്ക് കപ്പുകളിൽ കുത്തി വെക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 3 മില്ലി ക്ലോറാൻട്രനിലിപ്രോൾ 10 ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക. |
| മൃഗസംരക്ഷണം | കന്നുകാലികൾക്ക് കുളമ്പുരോഗത്തിനും, ഓമന മൃഗങ്ങൾക്ക് എലിപ്പനിക്കും എതിരെ കുത്തിവെയ്പ്പുകൾ എടുക്കുക. **(സി.എ.എ.ഡി.ഇ.സി.സി.എസ്., കെ.വി.എ.എസ്.യു., മണ്ണുത്തി)** | | |